

ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ഭീകരാവസ്ഥകളൊന്നും അല്ലാഹുവിങ്കൽനിന്ന് സദ്‌വാഗ്ദാനം നേടിയ സജ്ജനങ്ങളെ ബാധിക്കുകയില്ല. അവരെ മലക്കുകൾ സ്വീകരിക്കാനെത്തും. അവർക്ക് സ്വാഗതമാശംസിച്ചുകൊണ്ട് മലക്കുകൾ പറയും: അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്ത ആ സുദിനമിതാ വന്നെത്തിയിരിക്കുന്നു. ഇനി നിങ്ങൾക്കീ സ്വർഗത്തിൽ കാലാകാലം സ്വച്ഛന്ദം വസിക്കാം!

# ഖുർആൻ ബോധനം

എ.വൈ.ആർ

സൂറ - 21

# അൽഅമ്പിയാഅ്

**101.** എന്നാൽ നേരത്തെത്തന്നെ നമ്മിൽനിന്ന് സദ്‌വാഗ്ദാനം ലഭിച്ചവർ ഈ പരിതോവസ്ഥയിൽ നിന്നകറ്റപ്പെടുന്നതാകുന്നു.

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ أُوْلَٰٓئِكَ عَنْهَا مُبْعَدُونَ ﴿١٠١﴾

**102.** അതിന്റെ നേരിയ ആരവം പോലും അവർ കേൾക്കുകയില്ല. എന്നെന്നും തങ്ങളാശിക്കുന്ന സൗഭാഗ്യങ്ങളിൽ വാഴുന്നവരാണവർ.

لَا يَسْمَعُونَ حَسِيسَهَا ۖ وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَٰلِدُونَ ﴿١٠٢﴾

**103.** ദൈവധിക്കാരികളെ ഗ്രസിക്കുന്ന മഹാഭീകരതയൊന്നും അവരെ അശേഷം വ്യാകുലപ്പെടുത്തുകയില്ല. മലക്കുകൾ അവരെ എതിരേൽക്കുന്നു. നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ട സുദിനമാണിത് എന്ന് സ്വാഗതമോതിക്കൊണ്ട്.

لَا يَحْزُنُهُمُ ٱلْفَزَعُ ٱلْأَكْبَرُ وَتَتَلَقَّىٰهُمُ ٱلْمَلَٰٓئِكَةُ هَٰذَا يَوْمُكُمُ ٱلَّذِى كُنتُمْ تُوعَدُونَ ﴿١٠٣﴾

**101–103**

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا = തീർച്ചയായും നമ്മിൽ നിന്നു മുൻകടന്നവർ (നേരത്തെ ലഭിച്ചവർ)

ٱلْحُسْنَىٰٓ = നല്ല അവസ്ഥ(സദ്‌വാഗ്ദാനം) أُوْلَٰٓئِكَ = അക്കൂട്ടർ عَنْهَا = അതിൽനിന്ന് مُبْعَدُونَ = അകറ്റപ്പെട്ടവരാകുന്നു

لَا يَسْمَعُونَ = അവർ കേൾക്കുകയില്ല حَسِيسَهَا = അതിന്റെ പതിഞ്ഞ ശബ്ദം (നേരിയ ആരവം പോലും) وَهُمْ = അവർ

فِى مَا ٱشْتَهَتْ أَنفُسُهُمْ = അവരുടെ മനസ്സ് ആഗ്രഹിക്കുന്നതിൽ (തങ്ങളാഗ്രഹിക്കുന്ന സൗഭാഗ്യങ്ങളിൽ)

خَٰلِدُونَ = എന്നെന്നും വാഴുന്നവരാകുന്നു لَا يَحْزُنُهُمُ = അവരെ (അശേഷം) വ്യാകുലപ്പെടുത്തുകയില്ല

ٱلْفَزَعُ ٱلْأَكْبَرُ = (ദൈവധിക്കാരികളെ ഗ്രസിക്കുന്ന) മഹാഭീകരത(കളൊന്നും)

وَتَتَلَقَّىٰهُمُ = അവരെ എതിരേൽക്കുന്നു, സ്വീകരിക്കുന്നു ٱلْمَلَٰٓئِكَةُ = മലക്കുകൾ

هَٰذَا يَوْمُكُمُ = നിങ്ങളുടെ (സു)ദിനമാണിത് (എന്ന് സ്വാഗതമോതിക്കൊണ്ട്)

ٱلَّذِى كُنتُمْ تُوعَدُونَ = നിങ്ങൾക്കു വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന

സത്യനിഷേധികളുടെയും ദൈവധിക്കാരികളുടെയും പരിണതി പരാമർശിച്ചശേഷം പരലോകത്ത് സജ്ജനങ്ങളുടെ പരിണതിയെന്തായിരിക്കുമെന്നു പറയുകയാണീ സൂക്തങ്ങൾ. ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ യുടെ പദാനുപദ അർഥം 'ആർക്കുവേണ്ടി നമ്മിൽ നിന്ന് നന്മ മുൻകടന്നുവോ അവർ' എന്നാണ്. حسنى-നല്ലത് അല്ലെങ്കിൽ സുന്ദരം-എന്ന വിശേഷണത്തിന്റെ വിശേഷ്യം ഇവിടെ അനുക്തമാകുന്നു. പൂർണരൂപം موعدة الحسنى-സദ്വാഗ്ദാനം എന്നോ عاقبة الحسنى എന്നോ ആണെന്ന് സന്ദർഭത്തിൽനിന്ന് സ്വയം വ്യക്തമാണ്. ഈ വാഗ്ദാനം നേരത്തെ 94-ാം സൂക്തത്തിൽ വന്നിരിക്കുന്നു. "സത്യവിശ്വാസിയായിക്കൊണ്ട് സദ്കർമമനുഷ്ഠിക്കുന്നതാരായാലും അവന്റെ പ്രയത്നം തമസ്കരിക്കപ്പെടുന്നതല്ല. തീർച്ചയായും നാം അത് രേഖപ്പെടുത്തി വെക്കുന്നുണ്ട്." പ്രവാചകൻ പ്രബോധനം ചെയ്ത സത്യ-ധർമങ്ങൾ അംഗീകരിച്ച് അല്ലാഹുവിനുമാത്രം വഴിപ്പെട്ടു വാണവർ സത്യനിഷേധികൾ അനുഭവിക്കേണ്ടി വരുന്ന ഭീകരാവസ്ഥയിൽ നിന്ന് തികച്ചും മുക്തരാകുന്നു. അവർ നരകത്തിന്റെ ഘോരദൃശ്യങ്ങളിൽ നിന്നും കാതടപ്പിക്കുന്ന ബഹളങ്ങളിൽ നിന്നുമെല്ലാം ഏറെ അകലെയായിരിക്കും. നരകീയ ബഹളങ്ങളുടെ നേരിയ ആരവം പോലും അവരുടെ ചെവികളിലെത്തുകയില്ല. കാണപ്പെടുന്നതിനെക്കാൾ വിദൂരമായതിനെ ഗ്രസിക്കുന്ന ഇന്ദ്രിയമാണ് കേൾവി. ഗന്ധ-സ്പർശനേന്ദ്രിയങ്ങൾക്ക് പ്രാപിക്കാനാവാത്ത അറിവിനെ പ്രാപിക്കുന്ന ഇന്ദ്രിയമാണ് കാഴ്ച. അപ്പോൾ നരകത്തിന്റെ നേരിയ ശബ്ദം പോലും കേൾക്കാത്തത്ര ദൂരത്തിലാകുന്നവർ അതിന്റെ ചൂടനുഭവിക്കുകയോ കാഴ്ചകളാൽ നടുങ്ങുകയോ ഇല്ലെന്നു കൂടി വ്യക്തമാകുന്നു. ഈ സൂക്തങ്ങൾ, സൂറഃ *മർയം* 71-ാം സൂക്തത്തിന് ചില പണ്ഡിതന്മാർ നൽകിയിട്ടുള്ള, നല്ലവരായാലും തീയവരായാലും മനുഷ്യരൊക്കെയും അൽപ നേരമെങ്കിലും നരകത്തിൽ കടക്കേണ്ടത് അല്ലെങ്കിൽ അതിനടുത്തു കൂടെ കടന്നുപോവുകയെങ്കിലും ചെയ്യേണ്ടത് അനിവാര്യമാകുന്നു എന്ന വ്യാഖ്യാനത്തെ ഖണ്ഡിക്കുന്നുവെന്ന കാര്യം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. നേരത്തെ 98-ാം സൂക്തത്തിൽ, അല്ലാഹുവല്ലാത്ത ആരാധ്യരെ അവരുടെ ആരാധകരോടൊപ്പം നരകത്തിലെറിയപ്പെടും എന്നു പ്രസ്താവിച്ചിരിക്കുന്നു. മലക്കുകളും പ്രവാചകന്മാരും മറ്റു പുണ്യാത്മാക്കളും ആരാധിക്കപ്പെടുന്നുണ്ടല്ലോ. അവരും ഇക്കൂട്ടത്തിൽ നരകത്തിലെറിയപ്പെടുമോ എന്ന് ഉന്നയിക്കപ്പെട്ട ചോദ്യത്തിനുള്ള മറുപടി കൂടിയാണ് ഈ സൂക്തങ്ങൾ. ഇബ്നു ഇസ്ഹാഖ് തന്റെ സീറയിൽ പറയുന്നു: റസൂൽ തിരുമേനി ഒരിക്കൽ മസ്ജിദുൽ ഹറാമിൽ ഖുറൈശികളുടെ സാന്നിധ്യത്തിൽ إِنَّكُمْ وَمَا تَعْبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمْ لَهَا وَٰرِدُونَ എന്ന സൂക്തം പാരായണം ചെയ്തു. തിരുമേനി സ്ഥലം വിട്ടപ്പോൾ അബ്ദുല്ലാഹിബ്നുസ്സീബഅ്റാ അസ്സുഹമി അവിടെയെത്തി. അന്നദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നില്ല. വലീദുബ്നു മുഗീറ, തങ്ങളുടെ സാന്നിധ്യത്തിൽ മുഹമ്മദ്(സ) പാരായണം ചെയ്ത സൂക്തം സീബഅ്റായെ കേൾപ്പിച്ചു. സീബഅ്റായുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "അല്ലാഹുവാണ, ഞാനയാളെ കണ്ടെങ്കിൽ തീർച്ചയായും തർക്കിച്ചു തോൽപിക്കും. നിങ്ങൾ മുഹമ്മദിനോട് ചോദിക്കണം. അല്ലാഹുവല്ലാതുള്ള ആരാധ്യരെല്ലാം അവരുടെ ആരാധകരോടൊപ്പം നരകത്തിലാണോ? എങ്കിൽ ഞങ്ങൾ മലക്കുകളെയും ആരാധിക്കുന്നുണ്ട്. യഹൂദർ ഉസൈറിനെ ആരാധിക്കുന്നു. ക്രൈസ്തവർ മർയംപുത്രൻ ഈസായെ ആരാധിക്കുന്നു." ഈ വാദം പ്രവാചകന്റെ മുമ്പിൽ ഉദ്ധരിക്കപ്പെട്ടപ്പോൾ തിരുമേനി പറഞ്ഞു: "അല്ലാഹുവിനെക്കൂടാതെ ആരാധിക്കപ്പെടാൻ ആഗ്രഹിച്ചവരെല്ലാം അവരെ ആരാധിച്ചവരോടൊപ്പമായിരിക്കും. അക്കൂട്ടരെ ആരാധിക്കാൻ അവരോടു കൽപ്പിച്ച ചെകുത്താനെ മാത്രമാണ് യഥാർഥത്തിൽ അവർ ആരാധിക്കുന്നത്." വാഹിദിയുടെ നിവേദനത്തിൽ ഇബ്നുസ്സിബഅ്റാ നേരിട്ടുതന്നെ നബി(സ)യോട് തർക്കിച്ചതും ഉദ്ധരിക്കുന്നുണ്ട്. നബിയെ കണ്ടപ്പോൾ അയാൾ പറഞ്ഞു: "ഈ മന്ദിര(കഅ്ബ)ത്തിന്റെ നാഥനാണ, നീ തോൽപിക്കപ്പെട്ടിരിക്കുന്നു. മലക്കുകൾ ആദരണീയ ദൈവദാസന്മാരാണെന്നും ഉസൈർ സുകൃതനായ ദൈവദാസനാണെന്നുമൊക്കെ നീ തന്നെയല്ലേ വാദിച്ചത്? എങ്കിൽ മുലൈഹ് ഗോത്രം ഇതാ മലക്കുകളെ ആരാധിക്കുന്നു. ക്രൈസ്തവരിതാ ഈസാ മസീഹിനെ ആരാധിക്കുന്നു. യഹൂദരിതാ ഉസൈറിനെ ആരാധിക്കുന്നു." ഇതുകേട്ട് മക്കക്കാർ ജയഭേരിയായി കൂക്കിവിളിച്ചാഹ്ലാദിച്ചു. ചില ഗ്രന്ഥങ്ങളിൽ പ്രവാചകൻ ഇബ്നുസ്സിബഅറയോട് ഇങ്ങനെ മറുപടി പറഞ്ഞതായും ഉദ്ധരിച്ചിരിക്കുന്നു: "നിങ്ങൾ സ്വജനത്തിന്റെ ഭാഷയെക്കുറിച്ച് എന്തൊരജ്ഞൻ! ഞാൻ പറഞ്ഞത് ما تعبدون-നിങ്ങൾ ആരാധിക്കുന്നത് എന്നാണ്. അത് (ما) അചേതന വസ്തുക്കളെ കുറിക്കാനുള്ളതാണ്. നിങ്ങൾ ആരാധിക്കുന്നവർ-من تعبدون-എന്നു ഞാൻ പറഞ്ഞിട്ടില്ല."

ജീവിക്കുന്നത് സ്വർഗത്തിലായാലും മനുഷ്യന് തന്റെ ഇഷ്ടങ്ങൾക്കൊത്ത മാറ്റങ്ങളുണ്ടാക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ മനംമടുപ്പുണ്ടാകും. ആ മടുപ്പിൽ നിന്നും മുഷിപ്പിൽ നിന്നും മനസ്സിനെ ഉന്മിഷത്താക്കാൻ മറ്റൊരു സാഹചര്യം തേടുകയും ചെയ്യും. ഇഛാശക്തിയും സ്വാതന്ത്ര്യവുമുള്ള അസ്തിത്വമായ മനുഷ്യൻ ഏതു സൗഭാഗ്യത്തിലും തന്റേതായ ഉപാധികളും നിബന്ധനകളും ആഗ്രഹിക്കുന്നു. ഈ പ്രകൃതിയുടെ താൽപര്യം പരിഗണിച്ചുകൊണ്ട് തന്റെ ഇഷ്ടദാസന്മാർക്ക് അവരുടെ ഇഛാനുസാരം വൈവിധ്യങ്ങളും വൈജാത്യങ്ങളും ഉളവാക്കാവുന്ന വിധത്തിലാണ് സ്വർഗം സംവിധാനിച്ചിരിക്കുന്നത്. അന്തേവാസികളുടെ അഭിലാഷങ്ങൾക്കു മുന്നിൽ തടസ്സങ്ങളൊന്നുമുണ്ടാവില്ല. ഈ നിത്യസൗഭാഗ്യ സ്വാതന്ത്ര്യം ഇഹലോകത്ത് രാജാധിരാജന്മാർ പോലും നേടുന്നില്ല; നേടുക സാധ്യമല്ല. അതാണ് وَهُمْ فِى مَا ٱشْتَهَتْ أَنفُسُهُمْ خَٰلِدُونَ എന്ന വാക്യത്തിന്റെ സാരം. ഈ ആശയം സൂറഃ *അൽകഹ്ഫ്* 108-ാം സൂക്തത്തിൽ-خَٰلِدِينَ فِيهَا لَا يَبْغُونَ عَنْهَا حِوَلًا -അവരതിൽ നിത്യവാസികളാകും. അവിടം വിട്ടുപോകാൻ ഒട്ടും ആഗ്രഹിക്കുകയില്ല-എന്ന വാക്കുകളിലും അവതരിപ്പിച്ചിട്ടുണ്ട്.

ഭീകരതയും ഭീതിപ്പെടലുമാണ് فزع. മഹാഭീകരത-الفزع الاكبر- കൊണ്ട് വിവക്ഷിക്കുന്നത് ലോകാവസാന

# ഖുർആൻ ബോധനം

ത്തിന്റെ കാഹളം മുഴങ്ങുമ്പോഴുണ്ടാകുന്ന ഭീകരാന്തരീക്ഷ മാണ്. ഖുർആൻ ആ അവസ്ഥയെ പലയിടത്തും ചിത്രീക രിക്കുന്നുണ്ട്. പ്രത്യേകിച്ച് അവസാന സൂറഃകളിൽ ലോകാ വസാനം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് അനുവാചകരിൽ അത് നേരിട്ടു കാണുന്ന അനുഭൂതിയുളവാക്കുന്ന മട്ടിലാണ്. ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും ഭീകരാവസ്ഥകളൊന്നും അല്ലാഹുവിങ്കൽനിന്ന് സദ്‌വാഗ്ദാനം നേടിയ സജ്ജനങ്ങളെ ബാധിക്കുകയില്ല. അവരെ മലക്കുകൾ സ്വീകരിക്കാനെത്തും. അവർക്ക് സ്വാഗതമാശംസിച്ചുകൊണ്ട് മലക്കുകൾ പറയും: അല്ലാഹു നിങ്ങൾക്ക് വാഗ്ദാനം ചെയ്ത ആ സുദിനമിതാ വന്നെത്തിയിരിക്കുന്നു. ഇനി നിങ്ങൾക്കീ സ്വർഗത്തിൽ കാലാകാലം സ്വഛന്ദം വസിക്കാം! ■

---

يَوْمَ نَطْوِي ٱلسَّمَآءَ كَطَيِّ ٱلسِّجِلِّ لِلْكُتُبِ ۚ كَمَا بَدَأْنَآ أَوَّلَ خَلْقٍ نُّعِيدُهُۥ ۚ
وَعْدًا عَلَيْنَآ ۚ إِنَّا كُنَّا فَٰعِلِينَ ﴿١٠٤﴾

**104.** വിണ്ടലത്തെ ഗ്രന്ഥച്ചുരുളു പോലെ നാം ചുരുട്ടുന്ന നാളിൽ പ്രപഞ്ചസൃഷ്ടി ആദ്യം തുടങ്ങിയത് ഏതവസ്ഥയിലാണോ അതേ അവസ്ഥയിലേക്കു തന്നെ മടക്കുന്നു. അത് നാം പൂർത്തീകരിക്കേണ്ടതുള്ള വാഗ്ദത്തമാകുന്നു. തീർച്ചയായും നാം അതു പൂർത്തീകരിക്കുക തന്നെ ചെയ്യും.

**104**

വിണ്ടലത്തെ = ٱلسَّمَآءَ നാം ചുരുട്ടുന്ന ദിവസം = يَوْمَ نَطْوِي

ഗ്രന്ഥങ്ങളുടെ രേഖകളുടെ ചുരുട്ടൽ പോലെ (ഗ്രന്ഥച്ചുരുൾ പോലെ) = كَطَيِّ ٱلسِّجِلِّ لِلْكُتُبِ

ആദ്യ സൃഷ്ടി നാം തുടങ്ങിയതുപോലെ = كَمَا بَدَأْنَآ أَوَّلَ خَلْقٍ

(പ്രപഞ്ച സൃഷ്ടി ആദ്യം തുടങ്ങിയത് ഏതവസ്ഥയിലാണോ)

(അത്) വാഗ്ദത്തമാ(കുന്നു)യ നിലയിൽ = وَعْدًا (അതേ അവസ്ഥയിലേക്കു തന്നെ) നാം അതിനെ മടക്കുന്നു = نُّعِيدُهُۥ

നമ്മുടെ മേൽ (നാം പൂർത്തീകരിക്കേണ്ടതുള്ള) = عَلَيْنَآ

തീർച്ചയായും നാം ചെയ്യുന്നവരായിരിക്കുന്നു (അത് പൂർത്തീകരിക്കുക തന്നെ ചെയ്യും) = إِنَّا كُنَّا فَٰعِلِينَ

**ചു**രുട്ടലും ചുരുളുമാണ് طيّ അതിൽ നിന്നുള്ള ഉത്തമ പുരുഷ ബഹുവചനക്രിയയാണ് نطوى. പട്ടിക, ഔദ്യോഗിക രേഖ, ഫയൽ, ഏട് തുടങ്ങിയ ആശയങ്ങളുൾക്കൊള്ളുന്നു سجِلّ. ഗ്രന്ഥങ്ങൾ തുകലിലും പാപ്പിറസിലും മറ്റും എഴുതി ചുരുളുകളാക്കി സൂക്ഷിക്കുന്ന സമ്പ്രദായം പുരാതന കാലത്തുണ്ടായിരുന്നു. അത്തരം ഗ്രന്ഥച്ചുരുളാണ് ഇവിടെ ഉദ്ദേശ്യം. സൃഷ്ടി തുടങ്ങുമ്പോഴുണ്ടായിരുന്ന പദാർഥത്തിന്റെ അവസ്ഥയാണ് اوّل خلق കൊണ്ടുദ്ദേശിക്കുന്നത്. ഖുർആൻ ചിലയിടത്ത് അതിനെ اوّل مرّة-ആദ്യ തവണ-എന്നു വ്യവഹരിക്കുന്നുണ്ട്. പദാർഥം ആദ്യം സൃഷ്ടിക്കപ്പെട്ടത് ഒരൊറ്റ പിണ്ഡമായിട്ടായിരുന്നു. അതിസാന്ദ്രവും തീരെ ചെറുതുമായിരുന്നു ആ പിണ്ഡം. പിന്നീട് ആ പിണ്ഡത്തിന്റെ സാന്ദ്രത ലഘൂകരിച്ച് വികസിച്ചുകൊണ്ടിരുന്നു. ഒരു മഹാസ്ഫോടനമാണ് ഈ വികാസത്തിന് തുടക്കം കുറിച്ചതെന്ന് ആധുനിക ശാസ്ത്രം അനുമാനിക്കുന്നു. വികാസത്തോടൊപ്പം പരിവർത്തനങ്ങളുമുണ്ടായി. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സൗരയൂഥങ്ങളും ക്ഷീരപഥങ്ങളുമുണ്ടായി. ഈ വികാസം ഇപ്പോഴും തുടർന്നുവരുന്നുവെന്നാണ് ശാസ്ത്ര സങ്കൽപം. ഒരു നാൾ ഈ വികാസം നിലക്കുകയും പ്രപഞ്ചം അതിന്റെ ആദി രൂപത്തിലേക്ക് സങ്കോചിക്കുകയും ചെയ്യാനുള്ള സാധ്യതയും ശാസ്ത്രം തള്ളിക്കളയുന്നില്ല. വിണ്ടലത്തെ ഗ്രന്ഥച്ചുരുള് പോലെ ചുരുട്ടുകയും സൃഷ്ടിയെ അതിന്റെ ആദിരൂപത്തിലേക്ക് മടക്കുകയും ചെയ്യുമെന്ന് പറയുന്നത് ഒരുപക്ഷേ ഈ ശാസ്ത്ര സങ്കൽപത്തെ സാധൂകരിക്കുകയായാവാം.

സൂക്തത്തിന്റെ സാന്ദർഭിക സാരം ഇതാണ്: നാം നിവർത്തിയിട്ട പ്രവിശാലമായ ആകാശപ്പരവതാനിയെയും ഭൂമിയെയും പുസ്തകത്താളുകൾ ചുരുട്ടുന്നതുപോലെ ചുരുട്ടിക്കൂട്ടി അവയുടെ ആദ്യ രൂപത്തിലേക്കു തന്നെ മടക്കുന്ന നാളിലാണ് മേൽപറഞ്ഞ രക്ഷാശിക്ഷകൾ സംഭവിക്കുക. അന്ന് ഈ ആകാശ ഭൂമികളുടെ സ്ഥാനത്ത് പുതിയ ആകാശങ്ങളും പുതിയ ഭൂമികളും ഉളവാകുന്നതായിരിക്കും. ആകാശ ഭൂമികളെ ചുരുട്ടിക്കൂട്ടി പുതിയ പ്രകൃതി നിയമങ്ങളിൽ ഉടച്ചുവാർക്കുക എന്നത് അല്ലാഹു അവന്റെ ഇഷ്ട ദാസന്മാർക്ക് നൽകിയിട്ടുള്ള വാഗ്ദാനമാണ്. ഈ വാഗ്ദാനം തന്നെയാണ് മുൻ സൂക്തത്തിൽ يَوْمُكُمُ ٱلَّذِى كُنتُمْ تُوعَدُونَ എന്ന വാക്യത്തിലൂടെ സൂചിപ്പിച്ചിട്ടുള്ളത്. അതൊരു വെറുംവാക്കാണെന്നോ പേടിപ്പെടുത്താൻ മാത്രം പറഞ്ഞതാണെന്നോ അങ്ങനെയൊന്നും ചെയ്യാൻ നമുക്കാവില്ലെന്നോ ആരും കരുതേണ്ടതില്ല. അത് പൂർത്തീകരിക്കേണ്ടത് അല്ലാഹുവിന്റെ ബാധ്യതയാകുന്നു. അവനെ സംബന്ധിച്ചേടത്തോളം അതൊട്ടും പ്രയാസമുള്ള കാര്യവുമല്ല. അതുകൊണ്ട് അല്ലാഹു തീർച്ചയായും ആ വാക്ക് നിറവേറ്റുക തന്നെ ചെയ്യും. ഇതാണ് إِنَّا كُنَّا فَٰعِلِينَ എന്ന വാക്യത്തിന്റെ താൽപര്യം. ■